Malayala Manorama
മലയാള മനോരമ

# വന്യജീവി വാരാഘോഷം നടത്തി

കോയമ്പത്തൂർ ● ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ വന്യജീവി വാരാഘോഷം നടത്തി. കേന്ദ്രം ഡയറക്ടർ ഡോ.സി.കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു. പരിസ്ഥിതിയുടെ സന്തുലനാവസ്ഥ പാലിക്കുന്നതിൽ വന്യജീവികളുടെ സംഭാവന അതുല്യമാണെന്ന് അദ്ദേഹം പറഞ്ഞു.

സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റും എൻവിസ് മേധാവിയുമായ ഡോ.കണ്ണൻ വാരിയർ, പ്രോഗ്രാം ഓഫിസർ ഡോ.എസ്.വിഗ്നേശ്വരൻ എന്നിവർ പ്രസംഗിച്ചു. വന്യജീവി എന്ന പദം കൊണ്ട് നാം വളർത്തിവരാത്ത മൃഗങ്ങളെയാണ് സാധാരണയായി സൂചിപ്പിക്കുന്നതെങ്കിലും മനുഷ്യ സഹായമില്ലാതെ സ്വതന്ത്രമായി നിലനിൽക്കുന്ന എല്ലാ ജന്തുക്കളും സസ്യങ്ങളും ഇതിൽ ഉൾപ്പെടുമെന്ന് ഡോ. കണ്ണൻ വാരിയർ പറഞ്ഞു.

വന്യജീവി സംരക്ഷണത്തിന്റെ ആവശ്യകത എന്ന വിഷയത്തിൽ ഓൺലൈനായി വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി പ്രസംഗ മത്സരവും നടത്തി. പങ്കെടുത്ത എല്ലാവർക്കും ഇ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. വന്യജീവി സംരക്ഷണ ബോധവൽക്കരണ പോസ്റ്ററും ചടങ്ങിൽ പുറത്തിറക്കി. ഇതിന്റെ ഡിജിറ്റൽ പ്രതികൾ വിദ്യാർഥികൾക്കു വിതരണം ചെയ്തു. ലൈഫ് മിഷൻ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ഗാസ് ഫോറസ്റ്റ് മ്യൂസിയത്തിൽ സെൽഫി പോയിന്റ് സ്ഥാപിച്ചു.

55. News in Malayala Manorama, Palakkad, 08.10.2023, Observance of  Wildlife Week by ICFRE-IFGTB EIACP PC RP.